എല്ലാം സ്മാർട്ട് ആണെന്ന്
ഇങ്ങനെ എത്രനാൾ സ്വയം
വിശ്വസിക്കും?.

വികസനത്തിന്റെ വെള്ളിവെളിച്ചം
പരന്നു തുടങ്ങിയിട്ടും നമ്മുടെ നഗരം
മാലിന്യത്താൽ മൂക്കുപൊത്തുന്നു.

ഫ്ളാറ്റുകളേക്കാൾ ഉയരത്തിൽ
ഉച്ഛിഷ്ടങ്ങളുടെ കൂനകൾ ഉയരുന്നു.

ശുചീകരണത്തിന്റെ ബാലപാഠം
വ്യക്തിയിൽ നിന്നു തന്നെയാണ്
തുടങ്ങുന്നത്. അറബിക്കടലിന്റെ റാണി
മലിനമാക്കപ്പെട്ടുകൂടാ.

ഒരു പൗരനും ഇതിൽ നിന്നും കുറ്റ
വിമുക്തരല്ല. വരാനിരിക്കുന്ന
ഭവിഷ്യത്തുകൾ
ഒരുപക്ഷേ മാലിന്യത്തിന്റെ
സന്തതികളാവാം.

ഇത് ഒരു ഉത്തരവാദിത്വമാണ്.

മാലിന്യവിമുക്തകൊച്ചിക്കായ്
ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

പ്രതീക്ഷാനിർഭരമായ ഒരു പുലരി
ചവറ്റുകൂനകൾക്കപ്പുറത്ത്
ഉദിക്കുക തന്നെ ചെയ്യും.



**മാലിന്യവിമുക്ത കൊച്ചി**
**അതാകട്ടെ നമ്മുടെ മുദ്രാവാക്യം**

# മാലിന്യം വലിച്ചെറിയരുത്!

**അത് മഹാദുരന്തത്തിന്**
**വഴിവെക്കും**



നഗര മാലിന്യം മൂലം
മഹാരോഗങ്ങളായ
പ്ലേഗും കോളറയും മരണനൃത്തമാടിയത്
ഏറ്റവും ഒടുവിൽ
ഗുജറാത്തിലെ സൂറത്തിൽ




കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി

കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി

ബ്രഹ്മപുരത്ത് നഗരസഭ സ്ഥാപിച്ച
ആധുനിക ഖരമാലിന്യ
സംസ്കരണ പ്ലാന്റ് വിജയ
പ്രദമാകണമെങ്കിൽ
കാലങ്ങളായുള്ള നമ്മുടെ
ശീലങ്ങൾ മാറ്റിയേ തീരൂ!




മാലിന്യ കൂമ്പാരത്തിൽ നിന്ന്
മഹാരോഗങ്ങൾ ജനിക്കുന്നു.

പ്ലേഗ്, കോളറ, ചിക്കുൻ ഗുനിയ
തുടങ്ങിയ മഹാ രോഗങ്ങളുടെ
ഉറവിടം നാം തന്നെയാകണമോ?

മരണം വേട്ടയാടുന്ന
നഗരവാസികളായി നാം മാറണോ?



- വീടുകളിലെ മാലിന്യം പരമാവധി വീടുകളിൽ തന്നെ സംസ്കരിക്കുക.
- മാലിന്യം വേർതിരിച്ച് ബക്കറ്റുകളിലാക്കി മാലിന്യം സംഭരിക്കുന്ന കേന്ദ്രങ്ങളിൽ എത്തിക്കുക/സംഭരണ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് കൈമാറുക
- മാലിന്യം ശേഖരിക്കാൻ നിശ്ചയിച്ച സമയത്ത്, നിശ്ചയിച്ച സ്ഥലത്ത് മാത്രം അവ എത്തിക്കുക.
- പ്ലാസ്റ്റിക് കവറുകളിൽ മാലിന്യം ശേഖരിക്കരുത്.
- ഒരു കാരണവശാലും മാലിന്യം പൊതു സ്ഥലങ്ങളിൽ വലിച്ചെറിയരുത്. അത് കുറ്റകരവും ശിക്ഷാർഹവുമാണ്

**നിങ്ങൾക്കും വരുംതലമുറക്കും
വേണ്ടി മാലിന്യമുക്ത
കൊച്ചിക്കായി ഒത്തൊരുമിച്ച്
പ്രവർത്തിക്കാം**


കൊച്ചി നഗരസഭ
മാലിന്യം തരംതിരിച്ചു സംഭരിക്കുക!
പൊതു നിരത്തുകളിൽ വലിച്ചെറിയാതിരിക്കുക!!!
വരാനിരിക്കുന്ന പകർച്ചവ്യാധികളിൽ നിന്നും മഹാനഗരത്തെ രക്ഷിക്കുക!!!
മാലിന്യനിർമ്മാർജ്ജനയജ്ഞത്തിൽ നഗരസഭയോടൊപ്പം
കൈകോർക്കുക!
ഓർമ്മിക്കുക!!!
ഈ നഗരം നമ്മുടേതാണ്!!!